ആശുപത്രിയെ അഭയംപ്രാപിച്ചു. പിറ്റേന്ന് രാത്രിയും പകലുംവരെ ഈ ആക്രമണങ്ങളും ഉണ്ടായിരുന്നു. അതിനെതിരായി യാതൊരു നടപടിയും എടുത്തില്ലെന്നു മാത്രമല്ല ആക്രമണവിധേയരായി ഓടിപ്പോകുന്ന ഞങ്ങളുടെ ആളുകളെപ്പിടിച്ച് പോലീസ് വാനിലിട്ട് അടിക്കുകയും ലോക്കപ്പിൽ കൊണ്ടുപോയി അടിക്കുകയുമാണ് ചെയ്തത്. നിങ്ങളെ വെടിവച്ചു കൊന്നാൽപോലും യാതൊന്നും സംഭവിക്കുകയില്ല, കണ്ടില്ലേ കൊടുങ്ങല്ലൂരിൽ എന്നു പറഞ്ഞാണ് ഈ എസ്. ഐ. യും അതുപോലുള്ള പോലീസ് മേധാവികളും ആക്രമണം നടത്തിയത്. ഒരു കോൺഫറൻസ് ആദ്യം വിളിച്ചു. ആ അവസരത്തിൽ മി. ഹർഷൽ അടക്കമുള്ള ആളുകൾ സംബന്ധിച്ച് സമാധാനക്കമ്മിറ്റി ഉണ്ടാക്കി. ആ സമാധാനക്കമ്മിറ്റി ഉണ്ടാക്കിയ ദിവസംതന്നെ പോലീസിന്റെ പിന്തുണയോടുകൂടി ആക്രമണം നടന്നു. പോലീസിന്റെയും ആക്രമണം നടന്നു. കുത്തിക്കൊലയ്ക്കുശേഷം നടന്ന സമ്മേളനത്തിന്റെ കാര്യമാണ് അങ്ങ് സൂചിപ്പിച്ചത്. അതുകൊണ്ട് അവിടെ ഈ പോലീസ് ആഫീസറെ സ്ഥലംമാറ്റിക്കൊണ്ട്, അവരുടെ ആധിപത്യം അവിടെ അവസാനിപ്പിച്ച് സ്ഥിരമായി നിൽക്കുന്നു എന്നറിയപ്പെടുന്ന റൗഡികൾക്കെതിരായി കർശനമായ നടപടികൾ എടുത്തുകൊണ്ടു മാത്രമേ സമാധാനം സ്ഥാപിക്കാൻ സാധിക്കൂ. പോലീസ് ആഫീസർമാരും അതുപോലെതന്നെ ഗവൺമെന്റും ഈ ഭാഗത്ത് അവർക്ക് അരുനിൽക്കുന്നു എന്നുള്ളബോധം ഇല്ലായ്മചെയ്തുകൊണ്ട് നിഷ്പക്ഷമായി ഇത്തരം കാര്യങ്ങളിൽ ഇടപെടുന്നു എന്നു ബോദ്ധ്യപ്പെടുത്താവുന്ന ഒരന്തരീക്ഷം ഉണ്ടാക്കണമെന്നുണ്ടെങ്കിൽ ഇതിന്റെ മുൻ ഉപാധിയായി ഇത്തരം കാര്യങ്ങൾ ചെയ്യണം, അതിനുള്ള നടപടികൾ എടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽ എനിക്കു കൊണ്ടുവരാനുള്ളത്. അതുകൊണ്ടാണ് ഈ കാര്യം ചർച്ചചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, പോലീസ് റൗഡികൾക്ക് അരുനിൽക്കുകയാണെന്നുള്ള ആരോപണം ഞാൻ നിഷേധിക്കുകയാണ്. രണ്ടുഭാഗത്തും ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്. ആക്രമണങ്ങൾ ഉണ്ടായതിൽ കക്ഷിനോക്കാതെ പോലീസ് കേസ് ചാർജ്ചെയ്തിട്ടുണ്ട്. ഈ കാര്യത്തിൽ പോലീസ് കർശന നടപടികൾ എടുക്കണമെന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. ഇനിയും കർശനമായ നടപടികൾ എടുക്കുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ അടിയന്തിരപ്രമേയത്തിന് ഞാൻ അനുമതി നിഷേധിക്കുന്നു.

II. ശ്രദ്ധക്ഷണിക്കൽ

1975-ലെ കേരള ബിൽഡിംഗ് ടാക്സ് നിയമത്തിലെ അപാകതകൾ

ശ്രീ. സേവ്യർ അറയ്ക്കൽ: 1-4-1973 മുതൽ ഈ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ 1975-ൽ പാസ്സാക്കിയ ബിൽഡിംഗ് ടാക്സിന്റെ അപാകതകൾ ചൂണ്ടിക്കാണിക്കുന്നതിനും ഈ സംസ്ഥാനത്ത് കെട്ടിടങ്ങൾ, മരപ്പണി, ചുമട്, ഇഷ്ടികപ്പണി മുതലായ പണികളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെട്ടിരിക്കുന്ന തൊഴിലാളിവർഗ്ഗം അനുഭവിക്കേണ്ടിവരുന്ന കഷ്ടതകളും ചൂണ്ടിക്കാണിക്കുന്നതിനും ഈ നിയമം ഇവിടെ നടപ്പാക്കരുതെന്ന് ബഹുമാനപ്പെട്ട ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുംവേണ്ടിയാണ് ഞാൻ ഇത് അവതരിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഇന്ന് വേണ്ടത്ര കെട്ടിടങ്ങളും ഇല്ല എന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ട് ഈ സംസ്ഥാനത്ത് കൂടുതൽ കെട്ടിടങ്ങളും ഉണ്ടാക്കുന്നതിനുവേണ്ടി, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി ഈ നിയമം ഇപ്രകാരം നടപ്പാക്കരുതെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. നൂറ്റിയഞ്ചുരൂപ പ്രതിമാസം വാടകയുള്ള ഒരു കെട്ടിട ഉടമ ഈ നിയമപ്രകാരം ഈ ടാക്സ് കൊടുക്കേണ്ടിവരുമെന്ന് കണക്കാക്കേണ്ടിയിരിക്കുന്നു. 105 രൂപ ഏറ്റവും നിസ്സാരമായ ഒരു കെട്ടിടത്തിനുപോലും ഇന്നത്തെ അവസ്ഥയിൽ ഉണ്ടെന്നുള്ളത് ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. അതുപോലെതന്നെ ഈ കെട്ടിടം ഉണ്ടാക്കുന്നതിനു വേണ്ടി ചെലവു വഹിക്കുന്ന സംഖ്യയുടെ 2 ഇരട്ടിയോളംതന്നെ ഇന്ന് ഈ നികുതിയിനത്തിൽ കൊടുക്കേണ്ടിവരുമെന്നുള്ള വസ്തുതയും ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഈ വസ്തുതകളും കാണിച്ചുകൊണ്ട് സംസ്ഥാനത്തിലെ പല പത്രങ്ങളും മുഖപ്രസംഗങ്ങളും എഴുതിയിട്ടുണ്ട്. പല നിവേദനങ്ങളും നടത്തിയിട്ടുണ്ട്. 1978 ജാനുവരി മാസത്തിലെ കൺസൾട്ടേറ്റീവ് കമ്മിറ്റിയിൽ ഈ വിഷയത്തെസംബന്ധിച്ച് ഞാൻ പറഞ്ഞിട്ടുള്ളതാണ്. അന്നു പറഞ്ഞത് സുപ്രീംകോടതിയുടെ ജഡ്ജുമെൻറ് വന്നുകഴിഞ്ഞാൽ നിയമത്തിലെ അപാകതകളും പരിഹരിച്ചുകൊണ്ട് നടപ്പിലാക്കാൻ കഴിയുമെന്നാണ്. ഇന്ന് സുപ്രീംകോടതിയുടെ ജഡ്ജുമെൻറ് വന്നിട്ടുണ്ട്. എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത് ഈ നിയമം നടപ്പിലാക്കണമെന്നുണ്ടെങ്കിൽ അതിൽ കൊടുത്തിരിക്കുന്ന ഷെഡ്യൂൾ റിവൈസ് ചെയ്തുകൊണ്ട് ഒരു പുതിയ മാനദണ്ഡം കൽപ്പിക്കണമെന്നാണ്. എങ്കിൽ മാത്രമേ നമ്മുടെ സംസ്ഥാനത്ത് വേണ്ടത്ര കെട്ടിടങ്ങളും, തൊഴിൽസാദ്ധ്യതകളും, വ്യവസായങ്ങളും ഉണ്ടാകുകയുള്ളു. ഇതു പരിഗണിച്ചുകൊണ്ട് എനിക്കു നിർദ്ദേശിക്കുവാനുള്ളത് ഈ നിയമം ഇപ്പോഴുള്ളവിധത്തിൽ നടപ്പിലാക്കാതെ ഇത് റിവൈസ് ചെയ്യണമെന്നാണ്. 16 ഇരട്ടിയെന്ന വാലുവേഷൻ മാറ്റി 8 ഇരട്ടി എന്നാക്കണം. 50,000 രൂപയ്ക്കുമേൽ 15 ശതമാനം നികുതി കൊടുക്കണമെന്നുള്ളത് മാറ്റി 5 ശതമാനമായി കുറയ്ക്കണം. അതുപോലെതന്നെ അടയ്ക്കേണ്ട തുകയും ഗഡുക്കളായി അടയ്ക്കാനുള്ള സംവിധാനമുണ്ടാക്കണം. ഇത് ഞാൻ പറയുന്നത് സംസ്ഥാനത്തിൻെറ മൊത്തമായ വികസനത്തിനുവേണ്ടിയും സാമ്പത്തിക പുരോഗതിക്കുവേണ്ടിയും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുമാണ്. ഇത് ഗവൺമെൻറ് ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ): സർ, ഈ നിയമസഭ 1975-ൽ പാസ്സാക്കിയ ഒരു നിയമമാണ് കെട്ടിടനിർമ്മാണനികുതി നിയമം. ഈ നിയമത്തിൻെറ ഫലമായി തൊഴിലാളികൾക്ക് വിഷമതകളും അനുഭവിക്കുന്നുണ്ടെങ്കിൽ തീർച്ചയായും ആ തൊഴിലാളികളെ സഹായിക്കുവാനുള്ളതായ എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്യേണ്ടത് ആവശ്യമാണെന്ന് നിശ്ചയമായും ഗവൺമെൻറിന് ബോദ്ധ്യമുണ്ട്. സർ, ഈ നിയമത്തിൻെറ ഫലമായി, അതിൽ പറഞ്ഞിട്ടുള്ളതായ റേറ്റ് വർദ്ധിച്ചതാണെങ്കിൽ അക്കാര്യത്തെസംബന്ധിച്ച് ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഗവൺമെൻറ് ഇതെല്ലാംതന്നെ പരിശോധിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ ഭേദഗതികളും വരുത്താൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ മുമ്പോട്ടുവച്ച നിർദ്ദേശങ്ങളും ഈ നിയമത്തിനു ഭേദഗതി വരുത്തുന്ന അവസരത്തിൽ തീർച്ചയായും പരിശോധിക്കുന്നതായിരിക്കും. തൊഴിലാളികൾക്ക് ഇതുമൂലമുണ്ടായിട്ടുള്ള വിഷമതകളിൽ തീർച്ചയായും ഗവൺമെൻറിന് ഖേദമുണ്ട്. അത് പരിഹരിക്കുവാൻ ഗവൺമെൻറ് നിശ്ചയമായും ആവശ്യമായ നടപടികളും സ്വീകരിക്കുന്നതായിരിക്കും.

III. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശകസമിതിയുടെ 15-ാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, കാര്യോപദേശകസമിതിയുടെ 15-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

Mr. Speaker: The Report is adopted.

IV. നിയമനിർമ്മാണകാര്യം

1979-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) നിയമം

Chief Minister **(Sri C. H. Mohammed Koya):** I Introduce the Kerala Land Reforms (Amendment) Bill, 1979. I also lay on the table a copy of the statement explaining the circumstances which had necessitated the immediate promulgation of the Ordinance.

Mr. Speaker: The Bill stands introduced.

Chief Minister **(Sri C. H. Mohammed Koya):** I move that the Bill may be taken into consideration.

Minister **(Sri N. K. Balakrishnan):** I second it.

Sri E. M. S. Namboodiripad: I oppose it.

ശ്രീ. കെ. ചന്ദ്രശേഖരൻ: ഇൻട്രൊഡക്ഷനെ ഒപ്പോസ് ചെയ്തിട്ടില്ല.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഇൻട്രൊഡക്ഷൻ ഒപ്പോസ് ചെയ്യാൻ റൂൾ ഇല്ലെന്ന് സ്പീക്കർ പറഞ്ഞതുകൊണ്ടാണ് ആ സ്റ്റേജിൽ ഞാൻ ഒപ്പോസ് ചെയ്യാത്തത്. സർ, ഇതു നിർഭാഗ്യകരമാണ്. പാർലമെൻറിലെ നടപടിക്രമമനുസരിച്ച് ലീവ് ടു ഇൻട്രൊഡ്യൂസ് എന്ന സ്റ്റേജും, ആ സ്റ്റേജിൽ ഒപ്പോസ് ചെയ്യാനുള്ള റൈറ്റുമുണ്ട്. ഏതാനും മാസങ്ങൾക്കുമുമ്പ് പാർലമെൻറിൽ ആൻറി ഡിഫക്ഷൻ ബിൽ വന്ന അവസരത്തിൽ മധുലിമായെ ആ സ്റ്റേജിൽ ഒപ്പോസ് ചെയ്തു.

മി. സ്പീക്കർ: നമ്മുടെ അസംബ്ലിക്കും ചില റൂളുകളും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly